കണ്ണൂർ സർവ്വകലാശാല

ഡി പി ഇ

---

നമ്പർ. ഡി.പി.ഇ/എ3/148/മിസ്./2019 തീയതി: 28.02.2020

<u>സർക്കുലർ</u>

വിഷയം:- 2019-20 വർഷത്തെ സ്പോർട്സ് ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കുന്നത് -സംബന്ധിച്ച്.

സൂചന :- 24/02/2020-ലെ അസിസ്റ്റന്റ് രജിസ്ട്രാർ (ഡി.പി.ഇ)-യുടെ കുറിപ്പ്

2019-20 അദ്ധ്യയന വർഷത്തിൽ സ്പോർട്സ് ഗ്രേസ് മാർക്കിന് അർഹത നേടിയ ബിരുദ, ബിരുദാനന്തര ബിരുദ, പ്രൊഫെഷണൽ കോഴ്സുകളിലെ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

സ്പോർട്സ് ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി ഹാൾടിക്കറ്റ്, മെരിറ്റ് സർട്ടിഫിക്കറ്റ് എന്നിവയുടെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോട് കൂടി ഡയരക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, കണ്ണൂർ സർവ്വകലാശാല ക്യാമ്പസ്സ് പി.ഒ, മാങ്ങാട്ടുപറമ്പ, കണ്ണൂർ - 670 567 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. (പ്രൊഫോർമ www.kannuruniversitydpe.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്). ഒന്നും രണ്ടും മൂന്നും വർഷ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രത്യേകം പ്രൊഫോർമയിൽ രജിസ്റ്റർ നമ്പർ ക്രമത്തിൽ തയ്യാറാക്കി പ്രത്യേകം സമർപ്പിക്കേണ്ടതാണ്. ഇന്റർ യൂണിവേഴ്സിറ്റി, സോണൽ, നാഷണൽ തലത്തിൽ പങ്കെടുത്തവർ അവർക്ക് അർഹതപ്പെട്ട കൂടിയ മാർക്കിനു വേണ്ടി മാത്രമെ അപേക്ഷിക്കാവൂ.

അപേക്ഷകൾ നിർബന്ധമായും മാർച്ച് 16 ന് 5 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകളും, ഭാഗികമായി ലഭിക്കുന്ന അപേക്ഷകളും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഒപ്പ്/-

റഹീന കെ വി

അസിസ്റ്റൻറ് രജിസ്ട്രാർ

ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക്

വേണ്ടി

സ്വീകർത്താവ്:

1. എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും/വകുപ്പ് തലവന്മാർക്കും
2. കമ്പ്യൂട്ടർ പ്രോഗ്രാമർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

KANNUR UNIVERSITY * KANNUR-670002 *

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ